**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **05-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ വഴിയുള്ള അവയവമാറ്റ ശസ്ത്രക്രിയ അത്യധികം ചെലവേറിയതിനാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി ഈ സർക്കാർ നിലവിൽ വന്ന ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റി വെയ്ക്കൽ സൗകര്യം ലഭ്യമാണ്. ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം കോട്ടയം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിലും ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലും കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്.<br><br>ഈ സർക്കാർ നിലവിൽ വന്ന ശേഷം കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൃദയ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. 2021-22 വർഷത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ സൗകര്യം ഒരുക്കുന്നതിനായി അവയവമാറ്റത്തിനായുള്ള ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി ഒരു കോടി എഴുപതു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ സംസ്ഥാനത്തെ 3 മെഡിക്കൽ കോളേജിലെ അവയവമാറ്റ സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഒരു കോടി അമ്പതു ലക്ഷം രൂപ 26.06.2022 ലെ സ.ഉ.(**സാധാ**)നം.1522/2022/ആകുവ പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>അവയവ ദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കെ-സോട്ടോ പ്രവർത്തിക്കുന്നുണ്ടെങ്കിലും ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് |

| | | | |
|---|---|---|---|
| | | | ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും സംസ്ഥാനത്ത് ഒരു ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>വൃക്ക</u><br>1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.<br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം.<br>3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ<br>4. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.<br><br><u>കരൾ</u><br>1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.<br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം.<br><br><u>ഹൃദയം</u><br>1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br><u>കോർണിയ</u><br>1. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം.<br>2. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br>4. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് |
| (സി) | സംസ്ഥാനത്തെ എല്ലാ അവയവദാന പ്രക്രിയയും ഒരു കുടക്കീഴിൽ ആക്കുന്നതിനുള്ള പദ്ധതിയായ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ) രൂപീകൃതമായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് മരണാനന്തര അവയവദാനവും സർക്കാർ ആശുപത്രികളിലെ അവയവ മാറ്റ ശസ്ത്രക്രിയകളും വർദ്ധിപ്പിക്കുന്നതിനായും എല്ലാ അവയവദാന പ്രക്രിയകളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനുമായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ് പ്ലാന്റ് |

| | | | |
|---|---|---|---|
| | | | ഓർഗനൈസേഷൻ (കെ-സോട്ടോ രൂപീകരിക്കുകയും ആയത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | അവയവം മാറ്റിവെയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചൂഷണങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | 1994 ലെ Transplantation of Human Organs Act പ്രകാരം രണ്ടു വിധത്തിലുള്ള അവയവദാനമാണ് സാധ്യമായിട്ടുള്ളത്.<br><br>1. രോഗിയുടെ അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ ജീവകാരുണ്യ പ്രവർത്തകരോ ലാഭേച്ഛയില്ലാതെ നൽകുന്ന വൃക്ക അല്ലെങ്കിൽ കരൾ രോഗിയിൽ വെച്ച് പിടിപ്പിക്കുക.<br>2. മരണാനന്തര അവയവദാനത്തിലൂടെയുള്ള അവയവം മാറ്റി വെയ്ക്കൽ.<br><br>ഈ രണ്ടു മാർഗ്ഗങ്ങളിലും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച മാത്രമേ അവയവം ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂ. സുഹൃത്തുക്കളിൽ നിന്നും ജീവകാരുണ്യ പ്രവർത്തകരിൽ നിന്നും അവയവം സ്വീകരിക്കുന്നതിന് മേഖലാ തലത്തിലുള്ള ഓതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ സാധിക്കുകയുള്ളൂ.<br><br>മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട വ്യക്തമായ മാർഗനിർദ്ദേശങ്ങൾ 19.01.2020 ലെ സ.ഉ (കൈ) നം. 7/2020/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അവയവമാറ്റവുമായി ബന്ധപ്പെട്ടുള്ള ചൂഷണങ്ങൾ തടയുന്നതിനായി ബന്ധുവേതര അവയവദാനത്തിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം തയ്യാറാക്കുന്നതിന് കെ-സോട്ടോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ കെ-സോട്ടോ സ്വീകരിച്ചുവരുന്നു. അവയവം ദാനം ചെയ്യുന്നതിനു പിന്നിൽ സഹജീവി സ്നേഹം തന്നെയാണോ എന്ന് ഉറപ്പു വരുത്തുന്നതിനായി സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ മുതലായവ പരിശോധിക്കുന്നതാണ്. അവയവദാനത്തിനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന ദാതാക്കളെ വിലയിരുത്തുവാനായി എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിശദമായ ഒരു പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ രംഗത്ത് നിലവിലുള്ള മാർഗ രേഖകൾ കാലാനുസൃതമായി പുതുക്കുന്നതിനുള്ള നടപടികൾ കെ-സോട്ടോ യുടെ ആഭിമുഖ്യത്തിൽ സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. അവയവദാനം പൂർണ്ണമായും ജീവകാരുണ്യപരമായ കാരണങ്ങളാൽ മാത്രമാണ് നടത്തുന്നത് എന്ന് ഉറപ്പ് വരുത്താൻ പോസ്റ്റ് ട്രാൻസ് പ്ലാന്റ് ഓഡിറ്റ് കൂടി നടത്തുവാനുള്ള നടപടികൾ കൈക്കൊള്ളുന്ന കാര്യം കെ-സോട്ടോ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ